പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3824 17.12.2015-ൽ മറുപടിക്ക്

## വ്യാപാര സമുച്ചയ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>,, എ.പി. അബ്ദുള്ളക്കുട്ടി :<br>,, വി.പി. സജീന്ദ്രൻ :<br>,, തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ വ്യാപാര സമുച്ചയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുക, യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സൗകര്യം വർദ്ധിപ്പിക്കുക എന്നിവയാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ? | (സി) | രണ്ടു ഘട്ടങ്ങളിലായി തെരഞ്ഞെടുക്കപ്പെട്ട 59 ബസ് സ്റ്റേഷനുകളിൽ സാമ്പത്തിക നിലയനുസരിച്ച് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുവാൻ നടപടിയെടുത്തിട്ടുണ്ട്. അതിൽ ബി.ഒ.ടി അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സി.യാണ് കോഴിക്കോട്, അങ്കമാലി, തിരുവല്ല, തിരുവനന്തപുരം (തമ്പാനൂർ) എന്നീ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചിട്ടുള്ളത്.<br>കെ.എസ്.ആർ.ടി.സി നേരിട്ട് നിർമ്മിക്കുന്നവയിൽ കാട്ടാക്കട, കാസർഗോഡ്. കൊട്ടാരക്കര എന്നിവിടങ്ങളിലെ പദ്ധതി പൂർത്തിയായി പ്രവർത്തനം നടന്നുവരുന്നു.<br>നെടുമങ്ങാട് പണി പൂർത്തിയാക്കി ഉദ്ഘാടനം നടന്നിട്ടുണ്ട്.<br>നെയ്യാറ്റിൻകര പണി പൂർത്തീകരിച്ചു കഴിഞ്ഞു. |

| | | |
|---|---|---|
| | | പയ്യന്നൂർ പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്.<br>ഹരിപ്പാട്, തൊടുപുഴ, മൂവാറ്റുപുഴ, നിലമ്പൂർ, പത്തനംതിട്ട, പാലാ എന്നിവിടങ്ങളിലെ പണി പുരോഗതിയിലാണ്.<br>പാലക്കാട്, കോട്ടയം, മലപ്പുറം എന്നിവിടങ്ങളിലെ പണി ഉടൻതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ